പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 37 — 19.03.2013 ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോ**

**ചോദ്യം**

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ.ബെന്നി ബെഹനാൻ:
ശ്രീ.ഹൈബി ഈഡൻ :
ശ്രീ.അൻവർ സാദത്ത്:

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽവേ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കൊച്ചി മെട്രോ പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് 2012 ജൂലായ് 12-ാം തീയതി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. ഇതേതുടർന്ന് സെപ്റ്റംബർ 11-ന് കേന്ദ്ര-കേരള സർക്കാരുകളുടെ തുല്യ പ്രാതിനിധ്യത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചു. പദ്ധതിയ്ക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. കൊച്ചി മെട്രോയ്ക്കു വേണ്ടി നാലു ഘട്ടമായാണ് സ്ഥലമേറ്റെടുക്കുന്നത്. ആദ്യഘട്ടത്തിൽ മുട്ടത്തെ മെട്രോ യാർഡിനുള്ള സ്ഥലവും രണ്ടാം ഘട്ടത്തിൽ 7 സ്റ്റേഷനുകൾക്കും 3 വയാഡക്ടുകൾക്കുമുള്ള സ്ഥലവും മൂന്നാം ഘട്ടം അടുത്ത 15 സ്റ്റേഷനുകൾക്കു വേണ്ട സ്ഥലവും, നാലാം ഘട്ടത്തിൽ മുട്ടം യാർഡിന്റെയും മെട്രോ വില്ലേജിന്റെയും വികസനത്തിനുവേണ്ടി വരുന്ന അധിക ഭൂമിയുമാണ് ഏറ്റെടുക്കുക. ആദ്യത്തേയും രണ്ടാമത്തെയും ഘട്ടങ്ങളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. മറ്റു രണ്ട് ഘട്ടങ്ങളുടെയും നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | പാരിസ്ഥിതിക, സാമൂഹിക ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആലുവ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്ത് മെട്രോ റെയിലിന്റെ വയാഡക്ടുകൾ നാഷണൽ ഹൈവേയുടെ മധ്യഭാഗത്തു കൂടിയാണ് കടന്നു പോകുന്നത്. ഇതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി തേടേണ്ടതുണ്ട്. ഒരു ധാരണാപത്രം തയ്യാറാക്കുന്നതിന്റെ ഭാഗമായി ദേശീയ പാതയിൽ അളവെടുപ്പ് നടക്കുകയാണ്. മെട്രോ റെയിൽ പദ്ധതിയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നു വരികയാണ്. രണ്ടു മേൽപ്പാലങ്ങൾ നഗരത്തിലെ പ്രധാന മൂന്ന് പാതകൾ വീതി കൂട്ടൽ, ചെറു റോഡുകളുടെ വികസനം, ടാറിംഗ് എന്നീ പ്രവർത്തനങ്ങളാണ് പ്രാരംഭഘട്ടത്തിൽ ഉൾപ്പെടുന്നത്. ഇതിൽ നോർത്ത് മേൽപ്പാലത്തിന്റെ ഇരു വശങ്ങളിലെയും പാലം പണി പൂർത്തിയായി.<br>കൊച്ചി മെട്രോ പദ്ധതി നടത്തിപ്പിന് വായ്പക്കായി സമീപിച്ചിട്ടുള്ള ഏജൻസിയായ ജൈക്കയുടെ നേതൃത്വത്തിൽ ഒരു വിവരശേഖരണ സംഘം കെ.എം.ആർ.എൽ സന്ദർശിച്ചു. ഇവർ കെ.എം.ആർ.എൽ., ഡി.എം.ആർ.സി. പ്രതിനിധികളുമായി ചർച്ച നടത്തുകയും പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. സിവിൽ ജോലികൾക്കുള്ള മുഴുവൻ ടെൻഡറും വിളിച്ചു കഴിഞ്ഞു. ആദ്യ ടെൻഡറുകളിലെ കരാർ ഉറപ്പിക്കൽ മാർച്ചിൽ പൂർത്തിയാകും. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | കേന്ദ്രസർക്കാരിൽ നിന്ന് ഓഹരി ഇനത്തിലും സബോർഡിനേറ്റ് ഡെബ്റ്റ് ഇനത്തിലുമായി 1002.23 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതവും സബോർഡിനേറ്റ് ഡെബ്റ്റും സ്ഥലം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കലും ചേർന്ന 2009 കോടി രൂപയും ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ നിന്ന് 2170 കോടി രൂപയുടെ വായ്പയുമാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും പരിഗണനയിലാണ്. |
| (സി) | പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഡി.എം.ആർ.സി 2011 ഓഗസ്റ്റിൽ സമർപ്പിച്ച കൊച്ചി മെട്രോ പ്രോജക്ടിന്റെ രൂപരേഖയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം എന്ന് 2012 ലെ കൊച്ചി മെട്രോ റയിൽ ലിമിറ്റഡിന്റെ പുന:സംഘടിപ്പിച്ച ഡയറക്ടർ ബോർഡ് തീരുമാനിച്ചു. ഇതിനായി ഡി.എം.ആർ. സി.ക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള പുതിയ രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | റെയിൽ പാതയുടെ അലൈൻമെന്റ്, സ്റ്റേഷനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവയെ കുറിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | കൊച്ചി മെട്രോ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല കെ.എം.ആർ.എൽ.നും നിർമ്മാണ ചുമതല ഡി.എം.ആർ.സി.ക്കുമാണ്.. |

സെക്ഷൻ ഓഫീസർ